ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് പതിനൊന്ന്

# സ്നേഹത്തിലും വെളിച്ചത്തിലും നടക്കുന്ന ദൈവമക്കൾ

RK *Hymns*: ML120, ML4

തിരുവെഴുത്ത് വായന: എഫെ. 1:4, 9; 5:1-14; 1 യോഹ. 4:8, 16; 1:5

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 5:1 അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;

എഫെ. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

എഫെ. 5:3 എന്നാൽ വിശുദ്ധന്മാർക്ക് ഉചിതമാകുംവണ്ണം, നിങ്ങളുടെ ഇടയിൽ പരസംഗവും, സകല അശുദ്ധിയും അത്യാഗ്രഹവും പേർ പറയുകപോലും അരുത്,

എഫെ. 5:4 അസഭ്യം, പൊട്ടച്ചൊല്ല് അഥവാ ബാലിശമായത്, മോശം കളിവാക്ക്, ഉചിതമല്ലാത്ത ഇവയൊന്നുമല്ല, സ്തോത്രമത്രേ വേണ്ടത്.

എഫെ. 5:5 പരസംഗക്കാരനോ അശുദ്ധനോ അത്യാഗ്രഹിക്കോ (അവൻ വിഗ്രഹാരാധി ആകുന്നു) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരവകാശവും ഇല്ലെന്ന് അറിഞ്ഞ് നിങ്ങൾ തിരിച്ചറിവുള്ളവരാകുവിൻ.

എഫെ. 5:6 വ്യർഥവാക്കുകളാൽ ആരും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, ഇവ നിമിത്തം ദൈവക്രോധം അനുസരണക്കേടിന്റെ പുത്രന്മാരുടെമേൽ വരുന്നുവല്ലോ.

എഫെ. 5:7 അതുകൊണ്ട് അവരുമായി പങ്കാളികൾ ആകരുത്.

എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

എഫെ. 5:9 കർത്താവിനു സുപ്രസാദമായത് എന്തെന്ന് ശോധനചെയ്ത്, വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ,

എഫെ. 5:10 (വെളിച്ചത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലും അടങ്ങിയിരിക്കുന്നുവല്ലോ).

എഫെ. 5:11 ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ പങ്കുകൊള്ളരുത്, അവയെ ശാസിക്കുകയത്രേ വേണ്ടത്.

എഫെ. 5:12 അവർ രഹസ്യത്തിൽ ചെയ്യുന്ന കാര്യങ്ങൾ പറയുന്നതു പോലും ലജ്ജാകരമാകുന്നു.

എഫെ. 5:13 എന്നാൽ ശാസിക്കപ്പെടുന്ന സകല കാര്യങ്ങളും വെളിച്ചത്താൽ വെളിവാകുന്നു; സകലത്തെയും വെളിവാക്കുന്നത് വെളിച്ചമല്ലോ.

എഫെ. 5:14 അതുകൊണ്ട് അവൻ പറയുന്നു, ഉറങ്ങുന്നവനേ, ഉണരുവിൻ, മരിച്ചവരിൽനിന്ന് എഴുന്നേൽക്കുവിൻ, ക്രിസ്തു നിന്റെ മേൽ

പ്രകാശിക്കും.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

**I. ദൈവത്തിന്റെ സുപ്രസാദം മനുഷ്യനുമായി ഒന്നായിരിക്കുന്നതും മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും അവനെപ്പോലെ ആക്കുന്നതുമാണ്—എഫെ. 1:4, 9.**

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

**II. ദൈവത്തിന്റെ മക്കളെന്ന നിലയിൽ, നമ്മൾ ദൈവത്തിൽനിന്ന് ജനിച്ചവരും, ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ളവരും, ദൈവവർഗത്തിൽപ്പെട്ടവരുമായ ദൈവമനുഷ്യരാണ്—5:1; 1 യോഹ. 3:1; യോഹ. 1:12-13:**

എഫെ. 5:1 അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

A. ദൈവമാണ് നമ്മുടെ സാക്ഷാൽ, യഥാർഥ പിതാവ്, നാം അവന്റെ സാക്ഷാൽ, യഥാർഥ മക്കളുമാണ്—1 യോഹ. 3:1; എഫെ. 5:1.

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

എഫെ. 5:1 അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;

B. പ്രപഞ്ചത്തിലെ ഏറ്റവും വലിയ അത്ഭുതം മനുഷ്യർക്ക് ദൈവത്തിൽനിന്ന് ജനിക്കുവാൻ കഴിയുമെന്നും പാപികളെ ദൈവത്തിന്റെ മക്കളാക്കാൻ കഴിയുമെന്നുമാണ്—1 യോഹ. 3:1, 9; 4:7; 5:1, 4, 18; യോഹ. 1:12-13.

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ്

നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

1 യോഹ. 4:7 പ്രിയരേ, നാം അന്യോന്യം സ്നേഹിക്കുക, സ്നേഹം ദൈവത്തിൽ നിന്നല്ലോ, സ്നേഹിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു ദൈവത്തെ അറിയുകയും ചെയ്യുന്നു.

1 യോഹ. 5:1 യേശു തന്നെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു, ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽ നിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു.

1 യോഹ. 5:4 ദൈവത്തിൽനിന്ന്, ജനിച്ചിരിക്കുന്നതെല്ലാം ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ.

1 യോഹ. 5:18 ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു, ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നവൻ തന്നെത്താൻ കാക്കുന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

C. അത്തരമൊരു അത്ഭുതകരമായ ദിവ്യജനനത്തിലൂടെ നമ്മുടെ ആളത്തത്തിലേക്ക് വിതച്ച ദിവ്യവിത്തെന്ന നിലയിൽ നമുക്ക് ദിവ്യജീവൻ, നിത്യജീവൻ ലഭിച്ചു—1 യോഹ. 1:2; 3:9.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

D. നാം ദിവ്യ ജീവനിൽനിന്ന് ജനിച്ചവരും ദിവ്യ ജീവൻ ഉള്ളവരുമായതിനാൽ, ദൈവമക്കളായ നാം ദിവ്യ വ്യക്തികളാണ്—5:11-13; 3:1, 10.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

1 യോഹ. 5:13 ദൈവപുത്രന്റെ നാമത്തിലേക്കു വിശ്വസിക്കുന്ന നിങ്ങൾക്ക്

നിത്യജീവനുണ്ടെന്ന് അറിയേണ്ടതിന് ആകുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് എഴുതിയത്.

1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

1 യോഹ. 3:10 ഇതിൽ ദൈവത്തിന്റെ മക്കളും പിശാചിന്റെ മക്കളും വെളിവാകുന്നു. നീതി അഭ്യസിക്കാത്ത ഏവനും, തന്റെ സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല.

E. ദൈവത്തിൽനിന്ന് ജനിച്ചവർ എന്ന നിലയിൽ, നമുക്ക് ദിവ്യ ജീവൻ മാത്രമല്ല ദിവ്യ സ്വഭാവവും ഉണ്ട്—2 പത്രൊ. 1:4.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

F. നാം ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ള ദൈവമക്കളായതിനാൽ, നമുക്ക് ദൈവത്തിന്റെ അനുകാരികൾ ആകുവാൻ കഴിയും—എഫെ. 5:1.

എഫെ. 5:1 അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;

G. പിതാവിന്റെ ജീവനും സ്വഭാവവും ഉള്ള പിതാവിന്റെ മക്കളെന്ന നിലയിൽ, നമ്മുടെ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമുക്കും തികഞ്ഞവരായിരിക്കുവാൻ കഴിയും—മത്താ. 5:48.

മത്താ. 5:48 ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവൻ ആയിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ.

**III. നാം ദൈവത്തെ സ്നേഹമായും വെളിച്ചമായും അറിയുകയും അനുഭവമാക്കുകയും വേണം—1 യോഹ. 4:8, 16; 1:5:**

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

A. സ്നേഹവും വെളിച്ചവും വാസ്തവത്തിൽ ദൈവം തന്നെയാണ്; അവ ദൈവത്തിന്റെ ആളത്തം, അവന്റെ സാരാംശമാണ്—4:8; 1:5.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട്

നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

B. 1 യോഹന്നാൻ ദൈവം വെളിച്ചമാണെന്നും (1:5) ദൈവം സ്നേഹമാണെന്നും (4:8, 16) പറയുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

C. ദൈവസാരാംശത്തിന്റെ സ്വഭാവമെന്ന നിലയിൽ സ്നേഹം കൃപയുടെ സ്രോതസ്സാണ്, ദൈവാവിഷ്കാരത്തിന്റെ സ്വഭാവമെന്ന നിലയിൽ വെളിച്ചം സത്യത്തിന്റെ സ്രോതസ്സാണ്.

D. ദിവ്യസ്നേഹം നമുക്ക് പ്രകടമാകുമ്പോൾ, അത് കൃപയായിത്തീരുന്നു; ദിവ്യവെളിച്ചം നമ്മുടെമേൽ പ്രകാശിക്കുമ്പോൾ അത് സത്യമായിത്തീരുന്നു.

**IV. ദൈവമക്കളായ നാം സ്നേഹത്തിലും വെളിച്ചത്തിലും നടക്കണം—എഫെ. 5:2, 8:**

എഫെ. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

A. കൃപയും സത്യവും 4:17-32-ലെ അടിസ്ഥാന മൂലകങ്ങളാകുന്നതുപോലെ, സ്നേഹവും വെളിച്ചവും 5:1-33-ലുള്ള പൗലൊസിന്റെ പ്രബോധനത്തിന്റെ അടിസ്ഥാന മൂലകങ്ങളാണ്.

എഫെ. 4:17 അതുകൊണ്ട് കർത്താവിൽ ഞാൻ പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത്, ജാതികൾ തങ്ങളുടെ മനസ്സിന്റെ വ്യർഥതയിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്.

എഫെ. 4:18 അവർ തങ്ങളുടെ അറിവിൽ ഇരുണ്ടുപോയിട്ട്, തങ്ങളിലുള്ള അജ്ഞത നിമിത്തം, തങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തം തന്നെ, ദൈവജീവനിൽ നിന്ന് അകന്നിരിക്കുന്നു;

എഫെ. 4:19 അവർ മനം തഴമ്പിച്ചവർ ആകയാൽ, അത്യാഗ്രഹത്തിൽ സകല അശുദ്ധിയും പ്രവർത്തിക്കുവാൻ തങ്ങളെത്തന്നെ ദുഷ്കാമത്തിന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു.

എഫെ. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

എഫെ. 4:22 നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും,

എഫെ. 4:23 നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും,

എഫെ. 4:24 യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ.
എഫെ. 4:25 അതിനാൽ കളവിനെ ഉരിഞ്ഞു കളഞ്ഞിട്ട്, ഓരോരുത്തനും തന്റെ അയൽക്കാരനോട് സത്യം സംസാരിക്കുവിൻ, നാം അന്യോന്യം അവയവങ്ങൾ ആകുന്നുവല്ലോ.
എഫെ. 4:26 കോപിക്കുവിൻ, എങ്കിലും പാപം ചെയ്യരുത്; നിങ്ങളുടെ രോഷത്തിന്മേൽ സൂര്യൻ അസ്തമിക്കുവാൻ അനുവദിക്കരുത്,
എഫെ. 4:27 പിശാചിന് ഇടം കൊടുക്കുരുത്.
എഫെ. 4:28 മോഷ്ടിക്കുന്നവൻ ഇനി മോഷ്ടിക്കാതെ, മുട്ടുള്ളവനു പങ്കുവയ്ക്കുവാൻ ഉണ്ടാകേണ്ടതിന്, ബഹുമാന്യമായതിൽ തന്റെ സ്വന്തം കൈകൾകൊണ്ട് വേല ചെയ്ത് അധ്വാനിക്കണം.
എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.
എഫെ. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.
എഫെ. 4:31 നിങ്ങളിൽനിന്ന് സകല കയ്പും കോപവും ക്രോധവും ഒച്ചപ്പാടും ദുഷ്ട സംസാരവും, സകല വിദ്വേഷത്തോടുംകൂടെ നീങ്ങിപ്പോകട്ടെ.
എഫെ. 4:32 അന്യോന്യം ദയയുള്ളവരും വാത്സല്യമുള്ളവരും, ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരും ആകുവിൻ.
എഫെ. 5:1 അതുകൊണ്ട് പ്രിയ മക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആയിരിക്കുവിൻ;
എഫെ. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.
എഫെ. 5:3 എന്നാൽ വിശുദ്ധന്മാർക്ക് ഉചിതമാകുംവണ്ണം, നിങ്ങളുടെ ഇടയിൽ പരസംഗവും, സകല അശുദ്ധിയും അത്യാഗ്രഹവും പേർ പറയുകപോലും അരുത്,
എഫെ. 5:4 അസഭ്യം, പൊട്ടച്ചൊല്ല് അഥവാ ബാലിശമായത്, മോശം കളിവാക്ക്, ഉചിതമല്ലാത്ത ഇവയൊന്നുമല്ല, സ്തോത്രമത്രേ വേണ്ടത്.
എഫെ. 5:5 പരസംഗക്കാരനോ അശുദ്ധനോ അത്യാഗ്രഹിക്കോ (അവൻ വിഗ്രഹാരാധി ആകുന്നു) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരവകാശവും ഇല്ലെന്ന് അറിഞ്ഞ് നിങ്ങൾ തിരിച്ചറിവുള്ളവരാകുവിൻ.
എഫെ. 5:6 വ്യർഥവാക്കുകളാൽ ആരും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, ഇവ നിമിത്തം ദൈവക്രോധം അനുസരണക്കേടിന്റെ പുത്രന്മാരുടെമേൽ വരുന്നുവല്ലോ.
എഫെ. 5:7 അതുകൊണ്ട് അവരുമായി പങ്കാളികൾ ആകരുത്.
എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ

ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;
എഫെ. 5:9 കർത്താവിനു സുപ്രസാദമായത് എന്തെന്ന് ശോധനചെയ്ത്, വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ,
എഫെ. 5:10 (വെളിച്ചത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലും അടങ്ങിയിരിക്കുന്നുവല്ലോ).
എഫെ. 5:11 ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ പങ്കുകൊള്ളരുത്, അവയെ ശാസിക്കുകയത്രേ വേണ്ടത്.
എഫെ. 5:12 അവർ രഹസ്യത്തിൽ ചെയ്യുന്ന കാര്യങ്ങൾ പറയുന്നതു പോലും ലജ്ജാകരമാകുന്നു.
എഫെ. 5:13 എന്നാൽ ശാസിക്കപ്പെടുന്ന സകല കാര്യങ്ങളും വെളിച്ചത്താൽ വെളിവാകുന്നു; സകലത്തെയും വെളിവാക്കുന്നത് വെളിച്ചമല്ലോ.
എഫെ. 5:14 അതുകൊണ്ട് അവൻ പറയുന്നു, ഉറങ്ങുന്നവനേ, ഉണരുവിൻ, മരിച്ചവരിൽനിന്ന് എഴുന്നേൽക്കുവിൻ, ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും.
എഫെ. 5:15 ആകയാൽ നിങ്ങൾ നടക്കുന്നത് എങ്ങനെ എന്ന് സൂക്ഷിച്ചുകൊള്ളുവിൻ,
എഫെ. 5:16 ഇത് ദുഷ്ട നാളുകൾ ആകയാൽ, സമയത്തെ വീണ്ടെടുത്ത് അജ്ഞാനികളായല്ല ജ്ഞാനികളായത്രേ നടക്കുവിൻ.
എഫെ. 5:17 അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ.
എഫെ. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,
എഫെ. 5:19 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും,
എഫെ. 5:20 എല്ലാറ്റിനും വേണ്ടി എപ്പോഴും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നമ്മുടെ ദൈവവും പിതാവുമായവന് സ്തോത്രം ചെയ്തും,
എഫെ. 5:21 ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെടുവിൻ:
എഫെ. 5:22 ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ നിങ്ങളുടെ സ്വന്തം ഭർത്താക്കന്മാർക്ക് കീഴ്പ്പെടുവിൻ;
എഫെ. 5:23 ക്രിസ്തു താൻതന്നെ ശരീരത്തിന്റെ രക്ഷകനായിരുന്ന്, സഭയുടെ തല ആകുന്നതുപോലെ ഭർത്താവ് ഭാര്യയുടെ തലയാകുന്നു,
എഫെ. 5:24 എന്നാൽ സഭ ക്രിസ്തുവിന് കീഴ്പ്പെട്ടിരിക്കുന്നതുപോലെ, ഭാര്യമാരും സകലത്തിലും ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കട്ടെ.
എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,
എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,
എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും

എഫെ. 5:28 അങ്ങനെ തന്നെ ഭർത്താക്കന്മാരും തങ്ങളുടെ സ്വന്തം ഭാര്യമാരെ തങ്ങളുടെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു; തന്റെ സ്വന്തം ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെ സ്നേഹിക്കുന്നു.

ആകുന്നു.

എഫെ. 5:29 ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്,

എഫെ. 5:30 നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലോ.

എഫെ. 5:31 ഇക്കാരണത്താൽ ഒരു മനുഷ്യൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേർന്ന് ഇരുവരും ഒരു ജഡമാകും.

എഫെ. 5:32 ഈ മർമം വലിയത്, എന്നാൽ ഞാൻ പറയുന്നത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ചാകുന്നു.

എഫെ. 5:33 അങ്ങനെ തന്നെ നിങ്ങൾ ഓരോരുത്തനും, നിന്നെപ്പോലെതന്നെ നിന്റെ ഭാര്യയെ സ്നേഹിക്കണം; ഭാര്യ തന്റെ ഭർത്താവിനെ ഭയപ്പെടുകയും വേണം.

1. കൃപ സ്നേഹത്തിന്റെ ആവിഷ്കാരവും, സ്നേഹം കൃപയുടെ സ്രോതസ്സുമാണ്; സത്യം വെളിച്ചത്തിന്റെ വെളിപാടാണ്, വെളിച്ചം സത്യത്തിന്റെ ഉത്ഭവവുമാണ്—1 യോഹ. 4:8; 1:5.

   1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

   1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

2. സ്നേഹം ദൈവത്തിന്റെ ആന്തരിക സാരാംശമാണ്, വെളിച്ചം ആവിഷ്കരിക്കപ്പെട്ട ദൈവമൂലകമാണ്; ആന്തരികമായ ദൈവസ്നേഹം അനുഭവിച്ചറിയാവുന്നതാണ്, ബാഹ്യമായ ദൈവത്തിന്റെ വെളിച്ചം ദൃശ്യമായതാണ്.
3. ദൈവമക്കൾ എന്ന നിലയിലുള്ള നമ്മുടെ ദൈനംദിന നടപ്പ് ദൈവത്തിന്റെ സ്നേഹപൂരിതമായ സാരാംശത്താലും ദൈവത്തിന്റെ പ്രകാശിക്കുന്ന മൂലകത്താലും സംരചിക്കപ്പെട്ടതായിരിക്കണം; ഇതായിരിക്കണം നമ്മുടെ നടപ്പിന്റെ ആന്തരിക സ്രോതസ്സ്.
4. സ്നേഹത്തിലും വെളിച്ചത്തിലും നടക്കുന്നത് സത്യത്തിനൊത്തവണ്ണവും കൃപയാലും ജീവിക്കുന്നതിനേക്കാൾ ആഴമേറിയതും മൃദുവുമാണ്.

B. “ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ”—എഫെ. 5:2:

1. സ്നേഹത്തിൽ നടക്കുകയെന്നാൽ ദൈവവുമായുള്ള ഉറ്റബന്ധത്തിൽ നടക്കുക എന്നാണ്—പ്ര.നി. 1 യോഹ. 3:1:

   എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ

സ്നേഹിക്കുവിൻ,

a. പിതാവിന്റെ സാന്നിധ്യത്തിൽ, നാം സ്നേഹത്തിന്റെ ആവിഷ്കാരമായ കൃപ ആസ്വദിക്കുക മാത്രമല്ല, സ്നേഹത്തെത്തന്നെ ആസ്വദിക്കുകയും ചെയ്യുന്നു.
b. നമ്മുടെ ദൈനംദിന നടപ്പിൽ നാം എപ്പോഴും നമ്മുടെ പിതാവിന്റെ അനുഭൂതിക്കായി കരുതണം, എന്തെന്നാൽ നാം അവന്റെ ആർദ്രസ്നേഹത്തിൽ ഉറ്റബന്ധത്തിൽ ജീവിക്കുന്നു.

2. നാം ദിവ്യ സ്നേഹത്തിന്റെ മാധുര്യത്തിൽ അവന്റെ സാന്നിധ്യം ആസ്വദിച്ച് ക്രിസ്തുവിനെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കേണ്ടതിന് ദൈവത്തിന്റെ ആന്തരിക സാരാംശമായ സ്നേഹത്തിലേക്ക് നമ്മെ കൊണ്ടുവരിക എന്നതാണ് എഫെസ്യർക്ക് എഴുതിയ ലേഖനത്തിന്റെ ലക്ഷ്യം—5:25:

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

a. സ്നേഹത്തിന്റെ അവസ്ഥയിലും അന്തരീക്ഷത്തിലും, അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് നാം ദൈവത്താൽ സാന്ദ്രീകരിക്കപ്പെടുന്നു—1:4.

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

b. വളർച്ചയ്ക്കായി നാം വേരൂന്നുകയും കെട്ടുപണിക്കായി നാം അടിസ്ഥാനപ്പെടുകയും ചെയ്യുന്ന സ്നേഹം പ്രായോഗികമായി നാം തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്ന ദിവ്യ സ്നേഹമാണ്—3:17.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

c. ക്രിസ്തുതന്നെയായ ക്രിസ്തുവിന്റെ സ്നേഹം, അളവറ്റതും പരിജ്ഞാനത്തെ കവിയുന്നതുമാണ്, എങ്കിലും നമുക്ക് അത് അനുഭവിച്ചറിയാൻ കഴിയും—വാ. 19.

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

d. ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ, നാം സത്യത്തെ, അതായത് തന്റെ ശരീരത്തോടുകൂടിയ ക്രിസ്തുവിനെ മുറുകെപ്പറുന്നു—4:15.

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

e. ക്രിസ്തുവിന്റെ ശരീരം സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണി ചെയ്യുന്നു; ക്രിസ്തുവിന്റെ ശരീരം കെട്ടുപണി ചെയ്യുന്നതിനായി

നമുക്ക് എന്തെങ്കിലും ആകുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും നല്ല മാർഗം സ്നേഹമാണ്—വാ. 16; 1 കൊരി. 12:31.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

1 കൊരി. 12:31 എന്നാൽ ശ്രേഷ്ഠവരങ്ങളെ ആത്മാർഥമായി വാഞ്ഛിക്കുവിൻ. അത്രയുമല്ല അതിശ്രേഷ്ഠമായ ഒരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നു.

f. അക്ഷയതയിൽ കർത്താവിനെ സ്നേഹിക്കുക എന്നതിനർഥം പുതിയ സൃഷ്ടിയിലും എഫെസ്യർക്ക് എഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ അക്ഷയ കാര്യങ്ങളിലും അവനെ സ്നേഹിക്കുക എന്നാണ്—6:24.

എഫെ. 6:24 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ.

3. ദൈവം സ്നേഹമായതിനാൽ, ദൈവവർഗമായിത്തീരുവാൻ വീണ്ടുംജനിക്കപ്പെട്ടവർ എന്ന നിലയിൽ, ദൈവമക്കളായ നാമും സ്നേഹമായിരിക്കണം; നാം ജീവനിലും സ്വഭാവത്തിലും ദൈവമായിത്തീരുന്നതിനാൽ നാമും സ്നേഹമായിത്തീരണം—1 യോഹ. 4:8, 16.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

C. "ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു; വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ"—എഫെ. 5:8, 9:

1. ദൈവം വെളിച്ചമായിരിക്കുന്നതുപോലെ, ദൈവത്തിന്റെ മക്കളായ നാമും വെളിച്ചത്തിന്റെ മക്കളാണ്—1 യോഹ. 1:5; എഫെ. 5:8; യോഹ. 12:36.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

എഫെ. 5:8 എന്തെന്നാൽ ഒരിക്കൽ നിങ്ങൾ ഇരുളായിരുന്നു, എന്നാൽ ഇപ്പോൾ കർത്താവിൽ വെളിച്ചം ആകുന്നു;

യോഹ. 12:36 നിങ്ങൾ വെളിച്ചത്തിന്റെ പുത്രന്മാർ ആകേണ്ടതിന്,

നിങ്ങൾക്ക് വെളിച്ചം ഉള്ളപ്പോൾ, വെളിച്ചത്തിലേക്കു വിശ്വസിക്കുവിൻ. ഈ കാര്യങ്ങൾ പറഞ്ഞശേഷം, യേശു മാറിപ്പോകുകയും അവരിൽനിന്ന് മറയ്ക്കപ്പെടുകയും ചെയ്തു.

2. നാം വെളിച്ചത്തിന്റെ മക്കൾ മാത്രമല്ല—നാം വെളിച്ചം തന്നെയാണ്; നാം കർത്താവിൽ ദൈവവുമായി ഒന്നായതിനാൽ നാം വെളിച്ചമാണ്—മത്താ. 5:14; 1 യോഹ. 1:5.

മത്താ. 5:14 നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത് അസാധ്യമാകുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

3. നാം വെളിച്ചത്തിലായിരിക്കുമ്പോൾ, നാം ശരിയുടെയും തെറ്റിന്റെയും മണ്ഡലത്തിന് പുറത്താണ്—വാ. 7.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

4. നാം വെളിച്ചത്തിന്റെ മക്കളായി നടന്നാൽ, എഫെസ്യർ 5:9-ൽ വിവരിച്ചിരിക്കുന്ന ഫലം നാം പുറപ്പെടുവിക്കും.

എഫെ. 5:9 കർത്താവിനു സുപ്രസാദമായത് എന്തെന്ന് ശോധനചെയ്ത്, വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ,

a. നമ്മുടെ ദൈനംദിന നടപ്പിന്റെ യാഥാർഥ്യമെന്ന നിലയിൽ ദൈവം ആവിഷ്കരിക്കപ്പെടേണ്ടതിന് വെളിച്ചത്തിന്റെ ഫലം സ്വഭാവത്തിൽ നല്ലതും നടപടിക്രമത്തിൽ നീതിയുള്ളതും ആവിഷ്കാരത്തിൽ യഥാർഥ്യവും ആയിരിക്കണം.

b. നന്മയിലും നീതിയിലും സത്യത്തിലുമുള്ള വെളിച്ചത്തിന്റെ ഫലം ത്രിയേക ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു:

1) നന്മയെന്ന നിലയിൽ പിതാവായ ദൈവം വെളിച്ചത്തിന്റെ ഫലത്തിന്റെ സ്വഭാവമാണ്; അതിനാൽ, വാക്യം 9-ലെ നന്മ എന്നത് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നു—മത്താ. 19:17.

എഫെ. 5:9 കർത്താവിനു സുപ്രസാദമായത് എന്തെന്ന് ശോധനചെയ്ത്, വെളിച്ചത്തിന്റെ മക്കൾ എന്നപോലെ നടക്കുവിൻ,

മത്താ. 19:17 അവൻ അവനോട്, നല്ലതിനെക്കുറിച്ച് നീ എന്നോട് ചോദിക്കുന്നത് എന്തിന്? നല്ലവൻ ഒരുവനേ ഉള്ളൂ. എന്നാൽ ജീവനിലേക്കു പ്രവേശിക്കുവാൻ നീ ഇച്ഛിക്കുന്നു എങ്കിൽ കൽപനകളെ പാലിക്കുക എന്നു പറഞ്ഞു.

2) നീതി എന്നത് പുത്രനായ ദൈവത്തെ സൂചിപ്പിക്കുന്നു, ദൈവത്തിന്റെ നീതിയുള്ള നടപടിക്രമം അനുസരിച്ച് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനാണ് ക്രിസ്തു വന്നത്—റോമ. 5:17-18, 21.

| | |
|---|---|
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:18 | അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു. |
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |

3) വെളിച്ചത്തിന്റെ ഫലത്തിന്റെ ആവിഷ്കാരമായ സത്യം, ആത്മാവായ ദൈവത്തെ സൂചിപ്പിക്കുന്നു, എന്തെന്നാൽ അവൻ യാഥാർഥ്യത്തിന്റെ ആത്മാവാണ്—യോഹ. 14:17; 16:13.

| | |
|---|---|
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 16:13 | എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും. |

c. നാം വെളിച്ചത്തിന്റെ മക്കളായി നടക്കുന്നു എന്നതിന്റെ തെളിവ് അത്തരം ഫലം കായ്ക്കുന്നതിൽ കാണപ്പെടുന്നു.